**21U141** (Pages: 2) Name: ……………………..

Reg. No: …………………..

**FIRST SEMESTER B.Sc. CS/F.T./B.C.A. M.Sc. INTEGRATED GEOLOGY DEGREE EXAMINATION, NOVEMBER 2021**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07(3) / CC19I MAL1 A07(3) - മലയാളഭാഷയും സാഹിത്യവും I**

(Malayalam - Common Course)

(2019 Admission onwards)

Time: 2½ Hours Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതമുള്ള പതിനഞ്ച് ചോദ്യങ്ങൾ. പരമാവധി 25 മാർക്ക്.**

1. കല്ലേൻ പൊക്കുടൻ എഴുതിയ കൃതികളേതെല്ലാം?
2. കല്ലേൻ പൊക്കുടൻ 'കണ്ടൽ പൊക്കുടൻ' എന്ന പേരിൽ അറിയപ്പെടാനുള്ള കാരണമെന്ത്?
3. "അയാൾക്ക് ഭൂമിയുടെ ഏതൊരു ഇടവും മറ്റേതൊരു ഇടവും പോലെയാണ്. കാരണം രാത്രിയിൽവന്ന് ഭൂമിയിൽനിന്ന് വേണ്ടതെല്ലാം എടുത്തുകൊണ്ടുപോകുന്ന ഒരു അപരിചിതനാണ് അയാൾ" - ആര്?
4. "ഈ മണ്ണിലെ മൃഗങ്ങളെ വെളുത്ത മനുഷ്യൻ സ്വന്തം സഹോദരനെപ്പോലെ കരുതിവേണം അവയോട് പെരുമാറാൻ" - സന്ദർഭമേത്?
5. 'ആധ്യാത്മിക പ്രവണത' എന്നതുകൊണ്ട് നിത്യചൈതന്യയതി അർത്ഥമാക്കുന്നതെന്ത്?
6. "അച്ഛനു അരിശമാണ്. മിണ്ടിയാൽ അരിശം കണ്ടാൽ അരിശം. താൻ എന്തു പിഴച്ചു"? സന്ദർഭം വിശദമാക്കുക.
7. "മകൾ പിറന്നപ്പോൾ, മുട്ടുകുത്തി നടക്കാൻ തുടങ്ങിട്ടും ഒന്നു തൊട്ടില്ല" - ആര്? എന്തുകൊണ്ട്?
8. 'നീ മരിച്ചതായി ഞാനും, ഞാൻ മരിച്ചതായി നീയും കണക്കാക്കുക'- എന്തുകൊണ്ടാണ് നായകനു ഇങ്ങനെ പറയേണ്ടി വന്നത്?

9. ഓഡ്രി ഹെപ്ബേണിനെപ്പോലെ, തലമുടി ചെറുതായി മുറിച്ചു നെറ്റിയിൽ പരത്തിയിട്ടിരുന്നു." ആരെക്കുറിച്ചാണ് ഈ പരാമർശം?

10. സരള ആദ്യമായി കുപ്പമ്മയെക്കുറിച്ചറിഞ്ഞത് എങ്ങനെയാണ്?

11. "ഇടയുള്ളോർ വാദിപ്പിൻ
മാർഗവും ലക്ഷ്യവുമിടറിയോ,
ഞാനൊന്നു തലചായ്ക്കട്ടെ"- കവി ഇങ്ങനെ പറയാനുള്ള കരണമെന്ത്?

12. "ഒരു മയിൽപ്പീലിയുടെ
നിറമല്ലോ സ്വാതന്ത്ര്യത്തി-
നൊരു വേണുഗാനത്തിന്റേ-
തതിന്റെ നാദം"- എന്തുകൊണ്ടാണ് മീര ഇപ്രകാരം പറയുന്നത്?

13. *ബൈറ* എന്ന സ്ഥലത്തിന്റെ പ്രത്യേകതയെന്ത്?

14. അവരുടെ ആ നർമ്മസല്ലാപം കഴിഞ്ഞാലല്ലാതെ അവർ നിങ്ങളുടെ ആവശ്യങ്ങൾ അന്വേഷിക്കുകയില്ല. എന്നാലും അവർ ഇംഗ്ലീഷുകാരേക്കാൾ നല്ല കൂട്ടരാണ്- സ്വഭാവത്തിലും സൗന്ദര്യത്തിലും" -ആര്?

15. "പുറമേക്ക് ലെനിനായി
പൂജാമുറിയിൽ പൂന്താനമായി..."- സൂചിതാർത്ഥമെന്ത്?

**(Ceiling: 25 Marks)**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്**

16. "ഭൂമി അയാളുടെ സഹോദരനല്ല, ശത്രുവാണ്" ആരുടെ? വിശദമാക്കുക.

17. കലയെന്നത് ഒരടയാളമാണെന്ന് നിത്യചൈതന്യയതി അഭിപ്രായപ്പെടാനുള്ള കാരണമെന്ത്?

18. "നീ ഒരിക്കലും അതു ചെയ്യരുത്? ഞാൻ പറഞ്ഞു അതൊരുതരം ക്രൂരതയാണ്"-വിശദമാക്കുക.

19. സ്ത്രീജീവിതത്തിന്റെ വിപരീതമുഖങ്ങളെയാണ് സരളയും കുപ്പമ്മയും പ്രതിനിധീകരിക്കുന്നത്, ശരിയോ? സമർത്ഥിക്കുക.

20. ആഫ്രിക്കൻ നീഗ്രോയുടെ ദയനീയമായ പൂർവചരിത്രം എസ് കെ പൊറ്റെക്കാട് വിവരിക്കുന്നതെങ്ങനെ?
21. ഒറ്റപ്പെട്ടുപോകുന്നവരുടെയും വേദനിക്കുന്നവരുടെയും ജീവിതാവസ്ഥകളാണ് *കൊല്ലേണ്ടതെങ്ങനെ* എന്ന കവിതയിൽ വിശദമാക്കുന്നത് - ചർച്ച ചെയ്യുക
22. ഭക്തിയെന്നാൽ കേവലഭക്തി എന്നതിനപ്പുറം വിമോചനസാദ്ധ്യത തേടലാണെന്ന ദർശനമാണ് *മീര പാടുന്നു* എന്ന കവിത പകരുന്നത് - അഭിപ്രായം പരിശോധിക്കുക
23. അൽപത്തരങ്ങൾക്കെതിരെയുള്ള ആക്ഷേപഹാസ്യമാണ് '*പലപോസിലുള്ള ഫോട്ടോകൾ* എന്ന കവിത' - ശരിയോ? വിശദമാക്കുക.

**(Ceiling: 35 Marks)**

**III. രണ്ടു ചോദ്യത്തിനു മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. *കണ്ടൽജീവിതം* എന്ന ലേഖനത്തിന്റെ സമകാലിക പ്രസക്തി നിരൂപിക്കുക
25. കാപ്പിരികളുടെ നാട്ടിൽ എന്ന യാത്രാവിവരണത്തിൽനിന്നു വ്യക്തമാകുന്ന ആഫ്രിക്കയുടെ ചരിത്രം വിശദമാക്കുക.
26. "ദാരിദ്ര്യം എങ്ങനെ മനുഷ്യത്വത്തെ ചോർത്തിക്കളയുന്നു എന്ന് *വേണ്ടാംകടി* കാണിച്ചുതരുന്നു"- പരിശോധിക്കുക
27. പ്രത്യയശാസ്ത്രവും ജീവിതവും തമ്മിലുള്ള സംഘർഷമാണ് *ബുദ്ധനും ഞാനും നരിയും* എന്ന കവിത നിരൂപിക്കുക

**(2 × 10 = 20 Marks)**

*******